



# ബെർ ആപ്പിൾ
## *(Ziziphus mauritiana)*

Rhamnaceae സസ്യകുടുംബത്തിലെ അംഗം. ജുജ്യൂബ്, ചൈനീസ് ഡേറ്റ്, ഇന്ത്യൻ പ്ലം എന്നീ പേരുകളിലും അറിയപ്പെടുന്നു. മധുരവും തരിതരിപ്പുമുള്ളതാണ് പഴം.

ഉത്ഭവം : തെക്കു കിഴക്കൻ ഏഷ്യയിലെ ഇന്തോ മലേഷ്യൻ മേഖല

**എത്തിച്ചേർന്ന രാജ്യങ്ങൾ** : ഉഷ്ണമേഖലാ രാജ്യങ്ങളിൽ തെക്കൻ ആഫ്രിക്ക മുതൽ ഗൾഫ് രാജ്യങ്ങൾ വരെയും ഇന്ത്യൻ ഉപഭൂഖണ്ഡവും ചൈനയും ഇന്തോ മലയയും മുതൽ ഓസ്ട്രേലിയയും പസിഫിക്ക് ദ്വീപ രാജ്യങ്ങളും വരെയും ഈ ഫലവൃക്ഷം കാലക്രമത്തിൽ എത്തിച്ചേരുകയും പ്രചാരം നേടുകയും ചെയ്തിരിക്കുന്നു.

## നടീൽ പരിചരണം

### മരം

മുള്ളുകളോടു കൂടിയ നിത്യഹരിത വൃക്ഷം, വലുപ്പം കുറവ്-15 അടി വരെ ഉയരം. മരത്തിന്റെ തലക്കത്തിനു പന്തലിച്ചു വളരുന്ന സ്വഭാവം. മുള്ളുപോലെ രൂപാന്തരപ്പെട്ട ഇലകൾ, തൂങ്ങി വളരുന്ന ശാഖകൾ എന്നിവ ഈ മരത്തിന്റെ പ്രത്യേകതകളാണ്.



### പൂക്കൾ

വലുപ്പം കൊണ്ടു ചെറുതും നിറം കൊണ്ടു മഞ്ഞയുമാണ് പൂക്കൾ. അഞ്ച് ഇതളുകൾ, ഇലകളുടെ കക്ഷഭാഗത്ത് കാണപ്പെടുന്നു. രണ്ടോ മൂന്നോ പൂക്കൾ ഒന്നിച്ചാണ് സ്ഥിതി ചെയ്യുക.



### പഴം

പഴങ്ങൾക്ക് തമ്മിൽ തമ്മിൽ ആകൃതിയിലോ വലുപ്പത്തിലോ സാമ്യമുണ്ടാകില്ല. ദീർഘ ഗോളാകൃതിയോ നീണ്ടുരതോ ഉരുണ്ടതോ ആയിരിക്കാം. 1-2.5 ഇഞ്ച് (2.5-6.5 സെന്റിമീറ്റർ) നീളം കാണപ്പെടുന്നു. ഇനത്തിനനുസരിച്ചാണ് നീളത്തിന്റെ വ്യത്യാസം. ഭക്ഷ്യയോഗ്യമായ കാമ്പ് വെളുപ്പ് നിറം. പഴം ചാറ് ഇറ്റുന്ന സ്വഭാവത്തിലുള്ളതല്ല. മിനുസവും തിളക്കവുമുള്ളതാണ് പുറന്തൊലി. കനവും കുറവ്.





## നടീൽ പരിചരണം

**നടീൽ വസ്തു** : ബഡ്/ഗ്രാഫ്റ്റ് തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്ത് കൃഷി.

**കുഴിയുടെ അളവ്** : രണ്ട് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ സ്വഭാവം** : ഭാഗികമായി പന്തലിക്കുന്നത്

**ഇലത്തഴപ്പിന്റെ ഉയരം** : 15 അടി

**വിളവ് ലഭിക്കുന്ന സീസൺ** : ഫെബ്രുവരി-മെയ്

**അനുയോജ്യ നടീൽ പ്രദേശം** : നിരപ്പായ പ്രദേശങ്ങൾ, നേരിയ ചെരിവോടു കൂടിയ മലയോര മേഖലകൾ




1 X 1 X 1 മീറ്റർ സമചതുരം

## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ



- **സൂര്യപ്രകാശത്തിന്റെ ആവശ്യം** : പൂർണ സൂര്യപ്രകാശം
- **ജലസേചനം** : കുറച്ചു മതി
- **മണ്ണിന്റെ സ്വഭാവം** : ഏതിനം മണ്ണിനും അനുയോജ്യം
- **താപനില** : 22-40 ഡിഗ്രി സെൽഷ്യസ്
- **ആപേക്ഷിക ആർദ്രത** : 60-80%
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി വരെ
- **മഴ** : 1000-2000 മില്ലി മീറ്റർ
- **നടീൽ അകലം** : ചുവടുകൾ തമ്മിലും നിരകൾ തമ്മിലും 10 അടി
- **അമ്ലക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **കൊമ്പുകോതൽ** : ആവശ്യമാണ്
- **വെട്ടിയൊരുക്കൽ** : ആവശ്യമാണ്
- **പരാഗണം** : സ്വയം പരാഗണം



## പോഷണ പരിപാലനം

| വളം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 80 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 2 കി. ഗ്രാം | 3 കി. ഗ്രാം | 5 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 100 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന വളം പകുതി വീതം രണ്ടു തവണയായി നൽകുക



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 3 ലിറ്റർ |
| രണ്ടാം വർഷം | 5 ലിറ്റർ |
| മൂന്നാം വർഷം | 8 ലിറ്റർ |

## രോഗങ്ങളും കീടങ്ങളും

**കൊമ്പുണക്കം** : രോഗബാധിതമായ ഭാഗത്ത് ബോർഡോക്കുഴമ്പ് പുരട്ടിക്കൊടുക്കുക.



Document Prepared by

Research and Development department
Homegrown Biotech
Ph: +91 9562066333